കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# തിരുനെല്ലി പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2015 -16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

വയനാട് ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail:dowyd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.ഡബ്ള്യ.വൈ.ഡി .പി4/848/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,

വയനാട്, കൽപ്പറ്റ.

തീയതി: 05/12/2016.

ഡെപ്യൂട്ടി ഡയറക്ടർ

വയനാട് ജില്ല

പ്രസിഡന്റ് ( സെക്രട്ടറി മുഖേന )

തിരുനെല്ലിഗ്രാമപഞ്ചായത്ത്

സർ,

വിഷയം :തിരുനെല്ലി ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരുനെല്ലി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-1,2-2,2-3 ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ 3-3,3-8 ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ,

തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി .പി4/848/16

തിയ്യതി:05/12/2016

വയനാട് ജില്ലയിലെ തിരുനെല്ലി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്. (1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ തിരുനെല്ലി ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 08.11.2016 തിയ്യതി വരെയുമുള്ള വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയുംപരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ | ശ്രീ . ചക്രേശ്വര<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 21.11.2016 മുതൽ<br>01.12.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ നവാസ് കെ എം ,<br>അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.സമീർ .എം<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | കുമാരി. ലത.ടി.കെ<br>ഓഡിറ്റർ |

(ബി) നിർവഹണ അധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ഒ.ആർ .കേളു | 01.04.2015 മുതൽ 31.10.2016 വരെ |
| | മായാദേവി | 12.11.2016മുതൽ 31.03.2016 വരെ |
| വൈസ് പ്രസിഡന്റ് | എലിസബത്ത് നാരായണൻ | 01.04.2015 മുതൽ 31.10.2016 വരെ |
| | പി.വി.ബാലകൃഷ്ണൻ | 12.11.2016മുതൽ 31.03.2016 വരെ |
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ (വികസന കാര്യം) | അനന്തൻ നമ്പ്യാർ | 01.04.2015 മുതൽ 31.10.2016 വരെ |
| | സാലി | 12.11.2016മുതൽ 31.03.2016 വരെ |
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ (ക്ഷേമകാര്യം) | സി.ആർ.ഷീല | 01.04.2015 മുതൽ 31.10.2016 വരെ |
| | അനന്തൻ നമ്പ്യാർ | 12.11.2016മുതൽ 31.03.2016 വരെ |
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ (ആരോഗ്യം വിദ്യാഭ്യാസം ) | കെ.സിജിത്ത് | 01.04.2015 മുതൽ 31.10.2016 വരെ |
| | വിജില പ്രദീപ് | 12.11.2016മുതൽ |

| | | |
|---|---|---|
| | | 31.03.2016 വരെ |

(01.11.2016 മുതൽ 11.11.2016 വരെ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി ചുമതല വഹിച്ചു )

(സി) നിർവഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ. കെ.രാജീവൻ | 01.04.2015 മുതൽ 31.03.2016 വരെ |
| അസി.സെക്രട്ടറി | ശ്രീ.പി.സന്തോഷ് കുമാർ | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (പി എച്ച് സി) | ഡോ.റാഹീസ് അബ്ദുള്ള | 01.04.2015 മുതൽ 18.06.2015വരെ |
| | ഡോ.ഷിജോ പി.ജോർജ്ജ് | 19.06.2015 മുതൽ 11.02.2016 FN വരെ |
| | ഡോ.പ്രിൻസി വി എസ് | 11.02.2016മുതൽ 31.03.2016 വരെ |
| ഐ സി ഡി എസ് സൂപ്പർവൈസർ | ശ്രീമതി.എൽസി കെ.സി | 01.04.2015 മുതൽ 31.03.2016 വരെ |
| വെറ്ററിനറി സർജൻ | ശ്രീ.ഡോ.അനിൽ .ബി | 01.04.2015 മുതൽ 31.03.2016 വരെ |
| വി ഇ ഒ | ശ്രീമതി.റോഷനി എം.വി | 01.04.2015 മുതൽ 19.01.2016 വരെ |
| | ശ്രീ.പ്രിൻസ് മോൻ .എൻ | 20.01.2016മുതൽ 31.03.2016 വരെ |

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.ഗുണശേഖരൻ | 01.04.2015 മുതൽ 31.03.2016 വരെ |
| അസി .എഞ്ചിനീയർ | ശ്രീ.ഷിനോജ് .ടി.വി | 01.04.2015 മുതൽ 31.03.2016 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ.പി.വി.സന്തോഷ് | 01.04.2015മുതൽ 31.03.2016 വരെ |
| മെഡിക്കൽഓഫീസർ (ആയുർവേദം) | ശ്രീ. ഡോ.സുമേഷ് | 01.04.2015മുതൽ 31.03.2016 വരെ |

ഉള്ളടക്കം


| ഭാഗം 1 | | |
|---|---|---|
| 1 | 1- 1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക. |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. |
| 4 | 1-4 | സാമ്പത്തിക വിശകലനം |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം. |
| 7 | 1-7 | ക്ഷേമ പദ്ധതികൾ |
| 8 | 1-8 | തനത് വരുമാനം. |

| | | |
|---|---|---|
| 9 | 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 10 | 1-10 | ആഭ്യന്തരനിയന്ത്രണം,രേഖകളുടെയും രജിസ്റ്ററുകളുടെയും സൂക്ഷിപ്പ് |
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 12 | 1-12 | ഗ്രാമസഭാ മിനുട്സ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല |
| ഭാഗം 2 | | |
| 13 | 2-1 | ടെലികമ്മ്യൂണിക്കേഷൻ ടവ്വറുകളിൽ നിന്നും വസ്തു നികുതി - വൻകുടിശ്ശിക |
| 14 | 2-2 | വസ്തുനികുതി രേഖകൾ പൂർണ്ണമല്ല |
| 15 | 2-3 | സമയപരിധികക്കം കച്ചവട സ്ഥാപനങ്ങൾ ലൈസൻസ് എടുക്കുന്നില്ല |
| 16 | 2-4 | ട്രേഡേഴ്സ് ലിസ്റ്റ് കാലികമല്ല |
| 17 | 2-5 | തൊഴിൽ നികുതി ഓഡിറ്റ് നിരീക്ഷണങ്ങൾ |
| ഭാഗം 3 | | |
| 18 | 3-1 | വിനിയോഗസാക്ഷ്യപത്രം / പൂർത്തീകരണ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല |
| 19 | 3-2 | പട്ടികവർഗ്ഗ യുവതി യുവാക്കൾക്ക് കമ്പ്യൂട്ടർ പരിശീലനവും കമ്പ്യൂട്ടർ വിതരണവും |
| 20 | 3-3 | ലേബർ കോൺട്രക്ട് സൊസൈറ്റിക്ക് ടെണ്ടർ നിരക്കിൽ ഇളവ് അനുവദിച്ചു. |
| 21 | 3-4 | ഗുണഭോക്തൃ സമിതി മുഖാന്തിരം നടപ്പിലാക്കിയ പ്രവൃത്തികൾക്കായി വാങ്ങുന്ന നിർമ്മാണ സാധനങ്ങൾക്ക് വിൽപ്പനനികുതി ഈടാക്കിയ ബില്ല് ഇല്ല |

| | | |
|---|---|---|
| | | |
| 222 | 3-5 | തോൽപ്പെട്ടി പട്ടിക വർഗ്ഗ വനിത സമുച്ചയം -സിവിൽ വർക്ക് പൂർത്തിയാകുന്നതിന് മുൻപ് ഫർണിച്ചർ വാങ്ങി |
| 263 | 3-6 | സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി വൃദ്ധർക്ക് സഞ്ചാര സഹായി എന്ന പദ്ധതിക്കായി പണം പിൻവലിച്ചു |
| 24 | 3-7 | വയോജന മാനസിക ആരോഗ്യ സുരക്ഷാ പദ്ധതി മരുന്ന് മുഴുവനും ലഭിച്ചിട്ടില്ല |
| 25 | 3-8 | അഗതി -ആശ്രയ പദ്ധതി നടപ്പിലാക്കിയതിന്റെ കൃത്യമായ വിവരങ്ങൾ ലഭ്യമല്ല. |
| 26 | 3-9 | അടിയ, പണിയ, കാട്ടുനായ്ക്ക എൽ.പി. വിദ്യാർത്ഥികൾക്ക് മേശ, കസേര |
| 27 | 3-10 | ഒന്നാം ക്ലാസ്സിലെ പട്ടിക വിദ്യാർത്ഥികൾക്ക് കുട, ബാഗ് നൽകൽ |
| 28 | 3-11 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല |
| 29 | 3-12 | കക്കൂസ് നിർമ്മാണം - സബ്സിഡി മാർഗ്ഗ രേഖയിൽ നിർദ്ദേശിക്കപ്പെട്ട രീതിയിൽ നിർമ്മാണം നടത്തിയിട്ടില്ല. |
| 30 | 3-13 | ഭവന നിർമ്മാണം (ജനറൽ) രേഖകൾ തൃപ്തികരമല്ല 5600000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു |
| 31 | 3-14 | പ്രൊജക്ടിന്റെ പേര് - ഭവന പുനരുദ്ധാരണം (ജനറൽ) |
| 32 | 3-15 | മത്സ്യ കർഷകർക്ക് വലയും നെറ്റും തീറ്റയും - രേഖകൾ ഹാജരാക്കിയില്ല |
| 33 | 3-16 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല |

| ഭാഗം 4 | | |
|---|---|---|
| 34 | 4-1 | സംയുക്ത പ്രൊജക്ട് |
| 35 | 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 36 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 37 | 4-4 | വായ്പ/ വായ്പ തിരിച്ചടവ് |
| 38 | 4-5 | സ്ഥിരം നിക്ഷേപങ്ങൾ |
| 39 | 4-6 | ഓഡിറ്റ് റിക്കവറി |
| 40 | 4-7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ |
| 41 | 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 42 | 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകള് |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16.വർഷത്തെ ബജറ്റ് 27.03.2015 ലെ 144/2015 (2)തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല. 2015-16 വർഷത്തെ പുതുക്കിയ ബജറ്റ് 24.02.2016 ലെ 96/2016(23)

നമ്പർ പ്രകാരം അംഗീകരിച്ചു.

താരതമ്യം ചെയ്യാൻ കഴിഞ്ഞ വരവിനങ്ങളുടെ വിവരം - ബജറ്റ് എസ്റ്റിമേറ്റും യഥാർത്ഥ ഡിമാന്റും പൊരുത്തപ്പെടുന്നില്ല-ബജറ്റ് തയ്യാറാക്കുന്നതിൽ സൂക്ഷ്മത പുലർത്തുന്നില്ല.

ബജറ്റ് തയ്യാറാക്കുന്നതിൽ 1994 ലെ കേരളപഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 214 പ്രകാരമുള്ള നടപടികൾ പാലിച്ചിട്ടില്ല.യഥാർഥത്തിലുള്ള ഡിമാന്റിനെക്കാൾ വ്യത്യാസമായ തുകകളാണ് ബജറ്റിൽ കാണിച്ചിരിക്കുന്നത്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | ബജറ്റ് നിർദ്ദേശം | യഥാർത്ഥ ഡിമാൻഡ് | വ്യത്യാസം (-)/(+) |
|---|---|---|---|
| കെട്ടിട നികുതി | 37,50,000 | 37,17,818 | (-) 32182 |
| തൊഴിൽ നികുതി | 17,25,000 | 14,94,900 | (-)230100 |
| വാടക | 8,25,000 | 2,41,528 | (-)583472 |
| പരസ്യം | 1,00,000 | 0 | (-)100,000 |
| ഡി. ആന്റ്. ഒ ലൈസൻസ് | 1,00,000 | 98,300 | (-)1700 |
| വിനോദ നികുതി | 0 | 0 | 0 |
| പെർമ്മിറ്റ് ഫീ | 2,50,000 | 242626 | (-)7374 |
| സേവന നികുതി | 0 | 0 | 0 |
| ലേലങ്ങൾ | 0 | 0 | 0 |
| മറ്റുള്ളവ | 9,85,000 | 7,34,066 | (-)250934 |

യാഥാർത്ഥ്യബോധത്തോടെ ബജറ്റ് പാസ്സാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.16 | 23.7.16 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

വാർഷിക കണക്കുളിലെ അപാകതകൾ 2015-16 വാർഷിക കണക്കുൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. Treasury Own fund/VPFA 1-2എന്ന അക്കൗണ്ടിൽ 793 രൂപ മുൻബാക്കിയായും നീക്കിയിരിപ്പായും രേഖപ്പെടുത്തിയിരിക്കുന്നു.

2. ഗ്രാമ പഞ്ചായത്ത് സാമ്പത്തിക ഇടപാടുകൾ നടത്തുന്ന മാനന്തവാടി സബ് ട്രഷറി ബാങ്കിംഗ് ട്രഷറി ആയിരിക്കെ പ്ലാൻഫണ്ടി ഇടപാടുകൾക്കായി പ്രത്യേക അക്കൗണ്ട് പഞ്ചാബ് നാഷണൽ ബാങ്കിൽ നിലവിൽ ഇടപാടുകൾ നടത്തുകയും (നിർവ്വഹണ ഉദ്യോഗസ്ഥർ ഉൾപ്പടെ) തുക മുൻബാക്കിയായും നീക്കിയിരിപ്പായും ഈ അക്കൗണ്ടിൽ ഉള്ളത് വിശദീകരിക്കണം.

3. വസ്തു നികുതി തൻവർഷ ഡിമാന്റ് കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. രജിസ്റ്ററുകൾ തയ്യാറാക്കാതെയും കണക്കുകൾ തിട്ടപ്പെടുത്താതെയും വാർഷിക കണക്ക് പ്രകാരമുള്ള തുകകൾ എങ്ങനെ കണക്കാക്കി എന്ന് വ്യക്തമാക്കണം.

4. ടെണ്ടർ ഫോറം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. വിവധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേനയും സെക്രട്ടറി നേരിട്ടും നൽകിയ ടെണ്ടർ ഫോറം വിൽപ്പന വഴി ലഭിച്ച തുകയുടെ സംക്ഷിപ്തം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല

5. സെക്രട്ടറി ധനകാര്യ വർഷത്തെ സ്റ്റോക്ക് സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല

6. നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തിയ വാങ്ങലുകൾ പ്രകാരമുള്ള സാധനങ്ങൾ ഗ്രാമപഞ്ചായത്തിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് റൂൾസ് ചട്ടം 58 പ്രകാരമുള്ള നടപടികൾ സ്വീകരിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല

7. ആസ്തി രജിസ്റ്റർ സർക്കാർ ഉത്തരവ് പ്രകാരം തയ്യാറാക്കി പൂർത്തിയാക്കിയിട്ടില്ല. തൻവർഷം നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന വിവിധ പ്രൊജക്ടുകളിലായി ഫർണിച്ചറുകൾ , കമ്പ്യൂട്ടറുകൾ തുടങ്ങി ധാരാളം സാധന സാമഗ്രികൾ വാങ്ങുന്നുണ്ട്. ഇത്തരത്തിൽ വാങ്ങുന്ന സാധനങ്ങൾ ഗ്രാമപഞ്ചായത്തിന്റെ ആസ്തി/സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. സെക്രട്ടറി പൊതു നിർവ്വഹണ ഉദ്യോഗസ്ഥൻ എന്ന നിലയിൽ ഇത്തരം വാങ്ങലുകൾ നടത്താത്തതും പഞ്ചായത്തിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്താത്തതും സംബന്ധിച്ച്

വിശദീകരിക്കേണ്ടതാണ്.

8. ICDS, എം.പി ഫണ്ട് ,തുടങ്ങി പ്രത്യേകാവശ്യങ്ങൾക്ക് നൽകിയ തുക തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.

9. ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് A+B+C , വാർഷിക കണക്കിലെ മുൻബാക്കിയും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസവുമായി പൊരുത്തപ്പെടുന്നില്ല.

10. വയനാട് ജില്ലാ പഞ്ചായത്ത് 2014-15 വർഷത്തിൽ പ്രഭാത ഭക്ഷണത്തിന് നൽകിയ 868140 രൂപ (ചെക്ക് / ഡി.ഡി നം 396590 തീയതി 28/3/2015 ) ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ പ്രകാരം കൈപ്പറ്റുകയും ആയത് തനത് ഫണ്ട് അക്കൗണ്ടിൽ ഓഡിറ്റ് വർഷം നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ തൻവർഷം പ്രഭാത ഭക്ഷണം വിതരണത്തിന് സംയുക്ത പ്രൊജക്ട് ഇല്ല. തുക കൈപ്പറ്റിയത് ഏത് സർക്കാർ ഉത്തരവ് അടിസ്ഥാനമാക്കിയാണ് എന്ന് വ്യക്തമാക്കേണ്ടതാണ്.

11. 2014-15 വർഷത്തിലെ വാർഷിക കണക്കുകളിൻമേലുള്ള വിശേഷണങ്ങൾ പരിഹരിച്ചിട്ടില്ല.

12. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥൻമാർ മുഖേന പിരിച്ചെടുക്കുന്ന മൂല്യവർദ്ധിത നികുതി, KWWF തുടങ്ങിയവ വാർഷിക കണക്കിൽ ഉൾപ്പെടുന്നില്ല.

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്

## 1-4 സാമ്പത്തിക വിശകലനം സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 62733971 |
| വരവ് | 98966727 |
| ആകെ | 161700698 |
| ചെലവ് | 136330488 |

| | |
|---|---|
| നീക്കിയിരിപ്പ് | 25370210 |

## 1-5 ഫണ്ട് വിനിയോഗം

| ഇനം | മുന്നിരിപ്പ് | വരവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|
| പ്ലാൻ ജനറൽ (വികസനഫണ്ട്, സി.എഫ്.സി, ലോകബാങ്ക് വിഹിതം) | 14781872 | 14793142 | 18156835 | 47731849 | 41188826 | 6543023 | 0 |
| പ്ലാൻ എസ്.സി.പി | 848467 | 720063 | 0 | 1568530 | 804063 | 764467 | 0 |
| പ്ലാൻ ടി.എസ്.പി | 14846642 | 28409058 | 0 | 43255700 | 32406355 | 10849345 | 0 |
| എം.ജി. നോൺ റോഡ് | 2791590 | 1357574 | 0 | 4149164 | 4149164 | 0 | 0 |
| എം.ജി. റോഡ് | 7091705 | 7368863 | 0 | 14460568 | 14460568 | 0 | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| ജനറൽ പർപ്പസ് | 7234419 | 8400024 | 0 | 15634443 | 6625335 | 0 | 9008315 |
| ബി. ഫണ്ട്. | 0 | 33267850 | 0 | 33267850 | 33267850 | 0 | 0 |
| കേന്ദ്രാവിഷ്കൃത പദ്ധതി | 8722763 | 26137644 | 0 | 34860407 | 31959855 | 0 | 2900552 |
| തനത് | 5903765 | 15306772 | 0 | 21210537 | 14331388 | 0 | 6879149 |
| വായ്പ | 28050 | 15750923 | 0 | 15778973 | 12998878 | 0 | 2780095 |
| മറ്റിനം | 484698 | 4134740 | 0 | 4619438 | 818132 | 0 | 3801306 |

## 1-6 <u>പദ്ധതി അവലോകനം.</u>

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 257 | 177532962 | 170 | 108559351 | 63 | 24 | 66 |

## 1-7 .ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 29160 | 16 |
| കർഷകതൊഴിലാളി പെൻഷൻ | 2965200 | 348 |
| വിധവാപെൻഷൻ | 17572760 | 1745 |
| വാർദ്ധക്യകാലപെൻഷൻ | 9237660 | 1423 |
| വികലാംഗപെൻഷൻ | 2759720 | 311 |

## 1-8 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം വർദ്ധനവ് /കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 46,41,809 | 43,31,364 | 310445 | (-)6.69 |
| നികുതിയേതര വരവുകൾ | 9,66,487 | 10,48,154 | 81,667 | (+)8.45 |
| മറ്റ് വരവുകൾ | 3,24,796 | 4,14,501 | 89,705 | (+)89705 |
| ആകെ | 59,33,092 | 57,94,019 | 139073 | (-)2.34 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.11.2016 ന് 2.20 pm മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നൂറ് രൂപ (100/-രൂപ) ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു

## 1-10 ആഭ്യന്തരനിയന്ത്രണം,രേഖകളുടെയും രജിസ്റ്ററുകളുടെയും സൂക്ഷിപ്പ്

ഓഫീസ് മീറ്റിംഗുകൾ കൃത്യമായ ഇടവേളകളിൽ ചേരുന്നുണ്ട്. ഓഫീസ് ഓർഡർ നൽകുകയും ചെയ്യുന്നുണ്ട്. പേഴ്സണൽ രജിസ്റ്റർ എഴുതിസൂക്ഷിക്കുന്നുണ്ടെങ്കിലും അവശ്യമായ രേഖപ്പെടുത്തലുകൾ ഇല്ല. തപാലുകൾ സെക്ഷനിലേക്ക് നൽകുന്നതിന്റെ തീർപ്പാക്കലുകൾ നിരീക്ഷിക്കാൻ കഴിയുന്നില്ല. പഞ്ചായത്ത് യോഗങ്ങളുടെ തീരുമാനം രജിസ്റ്റർ സൂക്ഷിക്കുന്നില്ല. മാസ്റ്റർ ഇൻകുംബൻസി രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ, വസ്തു നികുതി അനുബന്ധ രജിസ്റ്ററുകൾ എന്നിവ സൂക്ഷിക്കുന്നില്ല.

ടി .ആർ 7 എ ക്യാഷ് ബുക്ക്

1. വെറ്ററിനറിസർജൻ - പദ്ധതി വിഹിതം ചെലവഴിക്കുന്നതിനായി പ്രത്യേകം ടി .ആർ 7 എ ക്യാഷ് ബുക്ക് സൂക്ഷിക്കുന്നു.

2. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - ടി .ആർ 7 എ ക്യാഷ് ബുക്ക് ഉപയോഗിക്കുന്നില്ല. ഇടപാടുകൾ രേഖപ്പെടുത്തുന്ന ക്യാഷ് ബുക്കിൽ വരവ് ചെലവ് കണക്കുകൾ സർക്കാർ നിർദേശപ്രകാരം തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

3.-കൃഷിഓഫീസർ - മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ പറഞ്ഞിട്ടും ടി .ആർ 7 എ ക്യാഷ് ബുക്ക് സൂക്ഷിക്കുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 03.06.2016 | 01.01.2016 – 31.03.2016 | ബി3-45003/01.09.2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.06.2014മുതൽ 08.07.2014 | 2009-10 മുതൽ 2013-14 | LBA(HQ)ii/8B-973/2010 /27.8.14 |

## 1-12 ഗ്രാമസഭാമിനുട്സുകൾ പരിശോധ്നയ്ക്ക് ഹാജരാക്കിയിട്ടില്ല.

2015-16കാലഘട്ടത്തിലെ ഗ്രാമസഭാമിനുട്സുകൾ പരിശോധ്നയ്ക്ക് ഹാജരാക്കിയിട്ടില്ല. 1994 ലെ കേരളപഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 3 പ്രകാരം 3 മാസത്തിലൊരിക്കൽ ഗ്രാമസഭായോഗങ്ങൾ ചേരേണ്ടതും യോഗത്തിന്റെ ക്വോറം ആകെ വോട്ടർമാരുടെ പത്ത് ശതമാനം ആയിരിക്കേണ്ടതുമാണ്. പദ്ധതി ഗുണഭോക്താക്കളെ ഗ്രാമസഭയിലൂടെ തെരഞ്ഞെടുക്കേണ്ടതും, വാർഡ്തല ഗുണഭോക്താക്കളെ ക്രോഡീകരിച്ച് അന്തിമ

ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതും, ഗ്രാമസഭാസംഘാടനം കാര്യക്ഷമമായി നടപ്പിലാക്കാൻ ഭരണസമിതി പ്രത്യേകം ശ്രദ്ധിക്കേണ്ടതുമാണ്.

## 1-13 വർക്കിംഗ് ഗ്രൂപ്പ് സംഘാടനം കാര്യക്ഷമമല്ല.

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണമാർഗ്ഗരേഖ ജി.ഒ (.എം.എസ്) 362/13 തീയതി 16.11.13 പ്രകാരം പങ്കാളിത്ത ആസൂത്രണത്തിൽ സമഗ്രവികസനം മുന്നിൽകണ്ട് പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളിലാണ്. 13 വർക്കിംഗ് ഗ്രൂപ്പുകൾ പഞ്ചായത്തിൽ രൂപീകരിച്ചിട്ടുണ്ടെങ്കിലും എല്ലാ വർക്കിംഗ് ഗ്രൂപ്പുകൾ ഒരു തവണ മാത്രമാണ് ( 05.02.2016) യോഗം ചേർന്നിട്ടുള്ളത്. വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ ചെയ്യേണ്ട പല കാര്യങ്ങളും ചെയ്തിട്ടില്ല. തൻവർഷം ചേർന്ന യോഗത്തിൽ പ്രോജക്ടുകൾ സംബന്ധിച്ച ചർച്ചകൾ മാത്രമാണ് നടന്നത് .നടപ്പുപദ്ധതിപ്രവർത്തനങ്ങൾ സംബന്ധിച്ച വിലയിരുത്തൽ റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.പദ്ധതി നടത്തിപ്പ് മോണിട്ടർ ചെയ്തിട്ടില്ല. വ്രക്കിംഗ് ഗ്രൂപ്പ് മിനുട്സുകൾ എഴുതിപൂർത്തീകരിച്ചില്ല. മിനുട്സുകളിൽ യോഗങ്ങളുടെ ഹാജർ മാത്രം രേഖപ്പെടുത്തി തീരുമാനങ്ങൾ രേഖപ്പെടുത്താതെ പേജുകൾ ഒഴിച്ചിട്ടിരിക്കുന്നു.

പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലും തയ്യാറാക്കുന്നതിലും നടപ്പാക്കുന്നതിലും മോണിട്ടർ ചെയ്യുന്നതിലും പ്രധാനപങ്കാളിത്തം വഹിക്കേണ്ട വർക്കിംഗ് ഗ്രൂപ്പുകൾ പ്രവർത്തിക്കാതെ പദ്ധതികൾ രൂപീകരിക്കുന്നത് ക്രമപ്രകാരമല്ല.സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കു വിരുദ്ധമായി വർക്കിംഗ് ഗ്രൂപ്പുകൾ സംഘടിപ്പിക്കാതെ പദ്ധതികൾ നടപ്പാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതും,വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 .മൊബൈൽ ടെലിക്കമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തു നികുതി 309939/-രൂപ കടിശ്ശിക

മൊബൈൽ ടെലിക്കമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തു നികുതി ഈടാക്കാനുള്ളവയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | അസ്സസ്സെന്റ് നമ്പർ | ഉടമസ്ഥൻ/ കമ്പനി | തറവിസ്തീർണ്ണം | ഈടാക്കാനുള്ള കുടിശ്ശിക വിവരം | റിമാർക്ക്സ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | 2/171 | ബി.ഡി.സുദേവൻ<br>വയർലസ്സ്റ്റി.റ്റി ഇൻഫോസിസ് ഐ.എം.സി ചേമ്പർ<br>കൊച്ചി | 16.5 | 28,587 | 2013-14 മുതൽ 15-16 വരെ<br>(ഡിമാന്റ്നോട്ടീസ് നൽകി യിട്ടുണ്ട്) |
| 2 | 5/146 | മാനേജർ,റിലയൻസ് കമ്മ്യൂണിക്കേഷൻ<br>കടവൻളുർ ,കൊച്ചി | 50 | 1,79,223 | 2010 -11 മതൽ 15-16 വരെ<br>R.R നടപടിയ്ക്ക് ന്റ്നോട്ടീസ് നൽകി യിട്ടുണ്ട് |
| 3 | 7/435 | ബിജുനായർ<br>ഡെപ്യൂട്ടി ജനറൽ മാനേജർ<br>ഇൻഡ്സ് ടവർ | 24.1 | 44460 | 2010 -11 മതൽ 15-16 വരെ<br>ഡിമാന്റ് നോട്ടീസ് നൽകി യിട്ടുണ്ട് |
| 4 | 16/264a | മാനേജർ<br>എസാർ ടെലിക്കോം | 25 | 57669 | 2015-16 (ഡിമാന്റ്നോട്ടീസ് നൽകി യിട്ടുണ്ട്) |
| | | | | 3,09,939 | |

മൊബൈൽ ടെലിക്കമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തു നികുതിയിനത്തിലുള്ള 3,09,939/- രൂപ കടിശ്ശികയും മറ്റ് വസ്തുനികുതി കുടിശ്ശികയും ഈടാക്കി ഒടുക്ക് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിൽ അനുശാസിക്കും പ്രകാരം ചാർജ് നടപടികൾക്കായി ശുപാർശ ചെയ്യുന്നതാണ്.

## 2-2 വസ്തുനികുതി രേഖകൾ പൂർണ്ണമല്ല

തിരുനെല്ലി ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക കണക്ക് പ്രകാരം വസ്തുനികുതിയിൽ തൻവർഷ കുടിശ്ശികയിനത്തിൽ 6,27,039/- രൂപയും 2014-15 വരെയുള്ള കുടിശ്ശികയിനത്തിൽ 2,39,115/- രൂപയും പിരിച്ചെടുക്കാനുള്ളതായി കാണുന്നു. വസ്തുനികുതി അനുബന്ധ രേഖകൾ പൂർണ്ണമല്ലാത്തതിനാൽ കുടിശ്ശികയുടെ കൃത്യതയും സഞ്ചയ സ്സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയ ഡാറ്റാകളുടെ പൂർത്തികരണ വിവരവും സംബന്ധിച്ച് ഓഡിറ്റിന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.24.11.2016 ലെ 8/15-16 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

കുടിശ്ശികയുടെ വർഷം തിരിച്ചുള്ള കണക്കുകൾ തയ്യാറാക്കേണ്ടതും മറ്റ് വസ്തുനികുതി അനുബന്ധ രേഖകൾ പൂർത്തികരിച്ച് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും, നാളിതുവരെ രേഖകൾ പൂർത്തികരിക്കാത്തതിന് മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## 2-3 സമയപരിധിക്കം കച്ചവട സ്ഥാപനങ്ങൾ ലൈസൻസ് എടുക്കുന്നില്ല.

തിരുനെല്ലി ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ലൈസൻസ് എടുത്ത350 സ്ഥാപനങ്ങളിൽ 21 സ്ഥാപനങ്ങൾ മാത്രമാണ് നിയമം അനുശാസിക്കുന്ന സമയത്തിനകം ലൈസൻസ് എടുത്ത് പ്രവർത്തിച്ച് വന്നിട്ടുള്ളത്.ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | വാർഡ്/കെട്ടിടനമ്പർ | ഉടമസ്ഥന്റെ പേര് മേൽ വിലാസം | തരം | രസീത് നം. തീയതി |
|---|---|---|---|---|
| 1 | IX/472 | വി.പ്രകാശ്, എടക്കോട് കാട്ടിക്കുളം | മലഞ്ചരക്ക് | 11501101580 01/10/15 |
| 3 | IX/405A | സാദിഖ്,കുറ്റിയിൽ ,കാട്ടിക്കുളം | ഐഡിയ ഡിസ്റ്റിടിബ്യൂഷൻ | 11501101816 13/11/15 |

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232 [1999 ലെ ഭേദഗതി കാണുക] പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെയും, ലൈസൻസിലെ നിബന്ധനകൾ പാലിക്കാതെയും പഞ്ചായത്ത് പ്രദേശത്ത് ഏതൊരു സ്ഥാപനവും പ്രവർത്തിക്കാൻ പാടുള്ളതല്ല. 1996 ലെ കേരള പഞ്ചായത്ത് രാജ് [ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ] ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷകൾ ഏതൊരു വർഷവും അവസാനിക്കുന്നതിന് മുപ്പത് ദിവസത്തിന് മുമ്പായും പുതിയതായി

തുടങ്ങുന്നതിനുള്ള അപേക്ഷകൾ പ്രസ്തുത സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് മുപ്പത് ദിവസങ്ങൾക്ക് മുമ്പായും സമർപ്പിക്കേണ്ടതാണ്. ഇത് പ്രകാരം 2015-16 വർഷത്തേക്ക് ഡി & ഒ ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷകൾ 2015 ജനുവരി ഒന്നാം തിയ്യതിക്കകം സമർപ്പിക്കേണ്ടതായിരുന്നു. 2015-16 സാമ്പത്തിക വർഷത്തിൽ ലൈസൻസ് പുതുക്കുന്നതിന് ആകെ ലഭിച്ച 329 അപേക്ഷകളിൽ ഒന്നും തന്നെ നിശ്ചിത സമയക്രമം പാലിച്ചിട്ടില്ല. സാമ്പത്തിക വർഷ ആരംഭം മുതൽ (1/4/2015) 2016 മാർച്ച് 31 വരെ പുതുക്കുന്നതിന് അപേക്ഷ സ്വീകരിക്കുകയും പുതുക്കി നൽകുകയും ചെയ്തിട്ടുണ്ട്. ഇതിൽ നിന്നും ഈ സ്ഥാപനങ്ങൾ ചട്ട പ്രകാരം മതിയായ ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിച്ചിരുന്നത് എന്നാണ് വ്യക്തമാകുന്നത്.

കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 255 പ്രകാരം ചട്ട ലംഘനങ്ങൾക്ക് "ആയിരം" രൂപയോളം വരുന്ന പിഴയോ, തുടർന്ന് കൊണ്ടിരിക്കുന്ന ലംഘനങ്ങളുടെ കാര്യത്തിൽ ആദ്യ ലംഘനത്തിന് ശേഷം ലംഘനം തുടരുന്ന ഓരോ ദിവസത്തേക്കും 50/- രൂപയിൽ കവിയാത്ത പിഴ ചുമത്തി ശിക്ഷിക്കാവുന്നതാണ്. 1996 ലെ കേരള പഞ്ചായത്ത് രാജ് [ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ] ചട്ടങ്ങൾ ചട്ടം26 കാണുക.]

തിരുനെല്ലി ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് സാഹചര്യം ഉണ്ടായിരുന്നിട്ടുകൂടി തദ്ദേശ സ്ഥാപന സെക്രട്ടറി, ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ എന്നിവർ ഇക്കാര്യത്തിൽ വേണ്ടത്ര പരിശോധന നടത്തി കുറ്റക്കാരിൽ നിന്നും പിഴ ഈടാക്കി യഥാസമയം ഫീസ് ഒടുക്കുന്നതിന് ലൈസൻസികളെ പ്രേരിപ്പിക്കുന്നില്ല. ഇത് സംബന്ധിച്ച് വിശദീകരണം നൽകേണ്ടതാണ് എന്ന് കാണിച്ച് നൽകിയ 25.11.2016 ലെ 5/15-16 നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

നിയമം അനുശാസിക്കുന്ന സമയത്തിനകം ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്നതിനുള്ള സാഹചര്യം ഒരുക്കുന്നതിനും, നിയമപ്രകാരം ലൈസൻസ് എടുക്കുന്നില്ലെങ്കിൽ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 255 പ്രകാരം ചട്ട ലംഘനങ്ങൾക്ക് നിയമാനുസൃത നടപടി സ്വീകരിക്കുന്നതിന് തദ്ദേശ സ്ഥാപന സെക്രട്ടറിയും ഭരണസമതിയും ശ്രദ്ധിക്കേണ്ടതാണ്.

## 2-4 ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയിട്ടില്ല

ഡി ആന്റ് ഒ ഡിമാന്റ് രജിസ്റ്റർ പ്രകാരം 350 സ്ഥാപനങ്ങളും,ഓഡിറ്റിന് ഹാജരാക്കിയ ട്രേഴസ് ലിസ്റ്റ് പ്രകാരം 343 ട്രേഡേഴ്സും ആണ് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നത്. 25.11.2016 ലെ 5/15-16 നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ഓരോ വർഷവും വാർഡ് തല ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

## 2-5 തൊഴിൽ നികുതി - ഓഡിറ്റ് നിരീക്ഷണങ്ങൾ

1. ഡി ആന്റ് ഒ രജിസ്റ്റർ പ്രകാരം ലൈസൻസ് എടുത്ത കച്ചവടക്കാരുടെ എണ്ണം 350 ഉംതൊഴിൽ നികുതി ഈടാക്കിയത് 300 പേരിൽ നിന്നും ആണ്. കുറവ് വന്ന 50 പേരിൽനിന്നും നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശവും ഇല്ലെങ്കിൽ കാരണവും വ്യക്തമാക്കേണ്ടതാണ്.

2.തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല. സ്ഥാപനങ്ങൾ ചുവടെചേർക്കുന്നു.

1.സഹകരണ ബാങ്ക് - തൃശ്ശിലേരി ശാഖ

2. സഹകരണ ബാങ്ക് - തിരുനെല്ലി സായാഹ്ന ശാഖ

3.ഹോളിഡേ ഹിൽ റെസ്റ്റോറന്റ് /ലോഡ്ജ്

4.വയനാട് ഗേറ്റ് റിസോർട്ട്

(സ്ഥാപന തൊഴിൽ നികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും)

മേൽ അപാകതകൾക്ക് മറുപടി നൽകേണ്ടതാണ് എന്ന് കാണിച്ച് നൽകിയ 24.11.2016 ലെ 4/15-16 നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഡിമാന്റ് ചെയ്തതായി ഹാജരാക്കിയ രേഖകൾ പ്രകാരം വിവരം ലഭ്യമല്ല. നാളിതുവരെ സ്ഥാപനത്തെ ഡിമാന്റ് ചെയ്യതിട്ടില്ലെങ്കിൽ ഡിമാന്റ് ചെയ്ത് തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതും അപാകതകൾക്ക് വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 .വിനിയോഗസാക്ഷ്യപത്രം / പൂർത്തീകരണ സാക്ഷ്യപത്രം

## ലഭിച്ചിട്ടില്ല

2015-16 വർഷത്തിൽ നടത്തിയ വിവിധ ചെലവുകൾ സംബന്ധിച്ച് വിവിധ ഏജൻസികളിൽ നിന്നും വിനിയോഗസാക്ഷ്യപത്രം/പൂർത്തീകരണ സാക്ഷ്യപത്രം ലഭിക്കാത്തതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു;

| ഡിഡിനം/തീയതി | പ്രവൃത്തി/ആവശ്യം | തുക | തുക കൈപ്പറ്റിയ ഏജൻസി |
|---|---|---|---|
| Ddno 420703/4.4.16 | IAY general 2015-16 | 12,00,000 | mananthavady block pt |
| vr no 21501161/ 31.3.16 | IAY scp 2015-16 | 80000 | mananthavady block pt |
| Ddno 420703/ 4.4.16 | IAY tsp 2015-16 | 26,76,303 | mananthavady block pt |
| vr no 21501161/ 31.3.16 | അരണപ്പാറ GLPS കുഴൽ കിണർ, മോട്ടോർ, ഹാൻഡ് പൈപ്പ് സ്ഥാപിക്കൽ | 65709 | Raidco mananthavady |

2015-16 വർഷത്തിൽ നടത്തിയ വിവിധ ചെലവുകൾ സംബന്ധിച്ച് വിവിധ ഏജൻസികളിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രം കിട്ടാത്തതിനാൽ ചെലവഴിച്ച 3956030/- രൂപ തടസ്സപ്പെടുത്തുന്നു.

# 3-2 പട്ടികവർഗ്ഗ യുവതി യുവാക്കൾക്ക് കമ്പ്യൂട്ടർ പരിശീലനവും കമ്പ്യൂട്ടർ വിതരണവും

2015-16 ൽ അസി.സെക്രട്ടറി നിർവ്വഹിച്ച പട്ടികവർഗ്ഗ യുവതി യുവാക്കൾക്ക് കമ്പ്യൂട്ടർ പരിശീലനവും കമ്പ്യൂട്ടർ വിതരണവും പദ്ധതികളിൽ കണ്ടെത്തിയ ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ കൊടുക്കുന്നു.

എ) തൊഴിൽ രഹിത പട്ടികവർഗ്ഗ യുവതി യുവാക്കൾക്ക് കമ്പ്യൂട്ടർ കോഴ്സും കമ്പ്യൂട്ടർ നൽകലും

| | |
|---|---|
| പ്രൊജക്റ്റ് നം. | 254/15-16 |
| പ്രൊജകിന്റെ പേര് | തൊഴിൽ രഹിത പട്ടികവർഗ്ഗ യുവതി യുവാക്കൾക്ക് കമ്പ്യൂട്ടർ കോഴ്സും കമ്പ്യൂട്ടർ നൽകലും |
| ഫണ്ടിനം | വികസന ഫണ്ട് (ടി.എസ്.പി ) |
| അടങ്കൽ | 17,16,980/- രൂപ , |
| ചെലവ് | 1)DDno771699തിയ്യതി23-12-15 420000 രൂപ<br>2)chequeno 820845തിയ്യതി18-5-16 900000 രൂപ |
| | 3)chequeno 820846തിയ്യതി18-5-16 168750രൂപ<br>ആകെ 1488750 രൂപ |

വികസന ഫണ്ട് (ടി.എസ്.പി ) വകയിരുത്തി തൊഴിൽ രഹിത പട്ടികവർഗ്ഗ യുവതി യുവാക്കൾക്ക് കമ്പ്യൂട്ടർ കോഴ്സും കമ്പ്യൂട്ടർ നൽകലും പൊജ്ക്റ്റിൽ കോഴിക്കോട് കെൽട്രോൺ എന്ന സ്ഥാപനത്തിൽനിന്നും 42 ലാപ് ടോപ്പ് വാങ്ങി. ലാപ്പ് ടോപ്പിന്റെ വിലയായ 1068750/- യുടെ ചെക്ക് കെൽട്രോൺ റസിപ്റ്റ് 255/26.05.2016 പ്രകാരം കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്.420000 രൂപ കമ്പ്യൂട്ടർ പരിശീലനം നൽകിയതിന് സമത ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് ഇൻഫർമേഷൻ ടെക്നോളജി എന്ന സ്ഥാപനത്തിന് നൽകി.

ഓഡിറ്റ് നിരീക്ഷണങ്ങൾ.

1. ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിന്റെ വിവരം (പഞ്ചായത്ത് കമ്മിറ്റി തീരുമാനം, ഗുണഭോക്താക്കളുടെ അപേക്ഷ) മറ്റ് രേഖകൾ തുടങ്ങിയവ ലഭ്യമാക്കിയിട്ടില്ല.

2. ഗുണഭോക്താക്കൾ ഏത് കാലയളവിൽ ഏത് കോഴ്സാണ് പഠിച്ചത് എന്നും. കോഴ്സ് പൂർത്തികരണ വിവരം (ഹാൾടിക്കറ്റ്,സർട്ടിഫിക്കറ്റ്) ഹാജർ വിവരം, പദ്ധതി ഫലപ്രാപ്തി വിവരം (കോഴ്സ് പൂർത്തികരിച്ച് ജോലി ലഭ്യമായിട്ടുണ്ടോ, ഉണ്ടെങ്കിൽ എത്ര പേർക്ക് ) എന്നീ വിവരങ്ങൾ ലഭ്യമല്ല.

3. ഗുണഭോക്താക്കൾക്കളുടെ ഡി.സി.എ കോഴ്സ് ഫീസിനത്തിൽ സമത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ്

ഇൻഫർമേഷൻ ടെക്നോളജി ഡയറക്ടർക്ക് (42x10000 ) 420000 രൂപ/- DD no771699തിയ്യതി 23-12-15 പ്രകാരം 2015-16 ൽ നൽകിയിട്ടുണ്ട്.

ജി.ഒ.(ആർ.ടി)787/15 തീയതി 18.03.2015 ത.സ്വ.ഭ.വ പ്രകാരം എസ്.സി.എസ്.ടി വിഭാഗത്തിൽപ്പെടുന്ന ഉയർന്ന ക്ലാസ്സിൽ പഠിക്കുന്ന എസ്.സി, എസ്.ടി വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ/ലാപ്പ്ടോപ്പ് വാങ്ങാനാണ് അനുമതിയുള്ളത്. എന്നാൽ ഗ്രാമപഞ്ചായത്ത് അസി. സെക്രട്ടറി നടപ്പിലാക്കിയ മേൽ പ്രൊജക്ടുകളിൽ തൊഴിൽ രഹിത പട്ടികവർഗ്ഗ യുവതി യുവാക്കൾക്ക് കമ്പ്യൂട്ടർ കോഴ്സും കമ്പ്യൂട്ടർ നൽകലും പദ്ധതിയാണ് വിഭാവനം ചെയ്തിട്ടുള്ളതും നടപ്പിലാക്കിയിട്ടുള്ളതും. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 16.11.2013 ലെ ജി.ഒ.(എം.എസ്) 362/2013 ഉത്തരവ് നമ്പർ 7.10 പ്രകാരം കമ്പ്യൂട്ടർ പരിശീലന പരിപാടി ഏറ്റെടുക്കാവുന്നതല്ല.

മേൽ പദ്ധതികളിൽ 2015-16 ൽ ചെലവ് വന്ന തുകയായ 1488750/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-3 ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് ടെണ്ടർ നിരക്കിൽ ഇളവ് അനുവദിച്ചു.

തിരുനെല്ലി ഗ്രാമ പഞ്ചായത്തിൽ 2015-16 വർഷത്തിൽ നടപ്പിലാക്കിയ വിവിധ പ്രവൃത്തികൾക്ക് കൽപ്പറ്റ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് ടെണ്ടർ നിരക്കിൽ ഇളവ് അനുവദിച്ചു.13.11.1997 ലെ ജി.ഒ.(എം.എസ്)135/97/സഹ: പ്രകാരം സ്വകാര്യ കോൺട്രാക്ടർമാർ സമർപ്പിക്കുന്ന ഏറ്റവും കുറഞ്ഞ ക്വോട്ടേഷനേക്കാൾ 10% അധികം നൽകി ലേബർ കോൺട്രാക്ട് സൊസൈറ്റികൾക്ക് സർക്കാർ പ്രവൃത്തികൾ ഏൽപ്പിച്ചു കൊടുക്കാവുന്നതാണെന്നത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ പ്രവൃത്തികൾക്ക് ബാധകമല്ല എന്ന് 04.08.2003 - ലെ സർക്കുലർ നം. 34947/ഡി.പി. 1/03/ത.സ്വ.ഭ.വ പ്രകാരം സ്പഷ്ടീകരണം നൽകിയിട്ടുള്ളതാണ്.

പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) കാളിന്ദി മിച്ചഭൂമി ഫൂട്പാത്ത് പ്രവൃത്തിക്കായി ഗ്രാമപഞ്ചായത്ത് 2015-16 വർഷത്തിൽ പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം. | എസ് 202/2016 |
| പ്രോജക്ടിന്റെ പേര് | കാളിന്ദി മിച്ചഭൂമി ഫൂട്പാത്ത് |
| നിർവ്വഹണം | അസി. എഞ്ചിനിയർ |
| അടങ്കൽ | 300000/- രൂപ |
| ചെലവ് | 280015/-രൂപ cheque vo 651501/15.6.15 |

| | |
|---|---|
| അളവ് പുസ്തകം | 81/14-15 |
| പ്രവൃത്തി മൂല്യം | 294753/- രൂപ |
| കരാറുകാരൻ | കൽപ്പറ്റ ലേബർ കോൺട്രക്റ്റ് സൊസൈറ്റി |
| ടെണ്ടർ അംഗീകരിച്ച തീയതി | 7.10.2014 |
| കരാർ നമ്പർ | 80/14-15 dtd 9.2.15 |

പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടറിൽ 2 കരാറുകാരാണ് പങ്കെടുത്തിരുന്നത്. ടെണ്ടറിൽ ഏറ്റവും കുറവ് ക്വോട്ട് ചെയ്ത ശ്രീ. വി വി ജോസഫ് എന്ന കരാറുകാരന്റെ (12.4% കുറവ്) ടെണ്ടർ അംഗീകരിക്കാതെ 5% കുറവ് ക്വോട്ട് ചെയ്ത കൽപ്പറ്റ ലേബർ കോൺട്രക്റ്റ് സൊസൈറ്റിയുടെ ടെണ്ടറാണ് അംഗീകരിച്ചിട്ടുള്ളത്.

കൂടിയ നിരക്കിലുള്ള കൽപ്പറ്റ ലേബർ കോൺട്രക്റ്റ് സൊസൈറ്റിടെ ടെണ്ടർ അംഗീകരിച്ചതു കാരണം ഗ്രാമപഞ്ചായത്തിന് 21811 /- രൂപ നഷ്ടം ഉണ്ടായിട്ടുണ്ട്.

21811 /- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു

2) ബാവലി തുറമ്പൂർ റോഡ് കോൺക്രീറ്റ് പ്രവൃത്തിക്കായി ഗ്രാമപഞ്ചായത്ത് 2015-16 വർഷത്തിൽ പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം. | എസ് 80/2016 |
| പ്രോജക്ടിന്റെ പേര് | ബാവലി തുറമ്പൂർ റോഡ് കോൺക്രീറ്റ് |
| നിർവ്വഹണം | അസി. എഞ്ചിനിയർ |
| അടങ്കൽ | 500000/- രൂപ, (general fund) |
| ചെലവ് | 408562/-രൂപ DD no 651682/29.3.16 |
| പ്രവൃത്തി മൂല്യം | 500000/- രൂപ |
| കരാറുകാരൻ | കൽപ്പറ്റ ലേബർ കോൺട്രക്റ്റ് സൊസൈറ്റി |
| ടെണ്ടർ അംഗീകരിച്ച തീയതി | 20.8.2015 |
| കരാർ നമ്പർ | 69/15-16 dtd 11.11.15 |

പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടറിൽ 7 കരാറുകാരാണ് പങ്കെടുത്തിരുന്നത്. ടെണ്ടറിൽ ഏറ്റവും കുറവ് ക്വോട്ട് ചെയ്ത ശ്രീ. എൽദോ തോമസ് എന്ന കരാറുകാരന്റെ (21.5 % കുറവ്) ടെണ്ടർ അംഗീകരിക്കാതെ 11.7 % കുറവ് ക്വോട്ട് ചെയ്ത കൽപ്പറ്റ ലേബർ കോൺട്രക്റ്റ് സൊസൈറ്റിയുടെ ടെണ്ടറാണ് അംഗീകരിച്ചിട്ടുള്ളത്.

കൂടിയ നിരക്കിലുള്ള കൽപ്പറ്റ ലേബർ കോൺട്രക്റ്റ് സൊസൈറ്റിടെ ടെണ്ടർ

അംഗീകരിച്ചതു കാരണം ഗ്രാമപഞ്ചായത്തിന് 49000/- രൂപ നഷ്ടം ഉണ്ടായിട്ടുണ്ട്. 49000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-4 ഗുണഭോക്തൃ സമിതി മുഖാന്തിരം നടപ്പിലാക്കിയ പ്രവൃത്തികൾക്കായി വാങ്ങുന്ന നിർമ്മാണ സാധനങ്ങൾക്ക് വിൽപ്പനനികുതി ഈടാക്കിയ ബില്ല് ഇല്ല

2003-ലെ കേരള മൂല്യവർദ്ധിത നികുതി നിയമപ്രകാരം താഴെ കൊടുത്ത നിർമ്മാണ സാധനങ്ങൾക്ക് 14.5 % നിരക്കിൽ മൂല്യവർദ്ധിത നികുതി ഈടാക്കേണ്ടതാണ്.

| ക്രമ നമ്പർ | ചരക്ക് | പട്ടിക | നികുതി നിരക്ക് |
|---|---|---|---|
| 2249 | STONE CRUSHED | V | 14.5 |
| 6244 | M SAND | V | 14.5 |

2015-16 സാമ്പത്തിക വർഷത്തിൽ ഗുണഭോക്തൃ സമിതികൾ വഴി നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികൾക്കെല്ലാം മേൽ പട്ടികയിലെ ഇനങ്ങൾ ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ ശരിയായ ബില്ലിന് പകരം കൈപ്പറ്റ് രശീതുകളാണ് ഫയലിൽ ലഭ്യമാക്കിയിട്ടുള്ളത്. സ്റ്റോൺ ക്രഷറുകൾക്ക് വാറ്റ് രജിസ്ട്രേഷൻ ഉള്ളതിനാൽ നിർമ്മാണ സാധനങ്ങൽ വാങ്ങിക്കുമ്പോൾ മൂല്യവർദ്ധിത നികുതി രേഖപ്പെടുത്തിയ ഒറിജിനൽ ബില്ലുകൾ തന്നെ വാങ്ങിക്കേണ്ടതാണ്. ഒറിജിനൽ ബില്ലുകൾ വാങ്ങിക്കാത്ത സാഹചര്യത്തിൽ സർക്കാർ ഖജനാവിന് വൻ നികുതി ചോർച്ച ഉണ്ടാകുന്നു. ഇത്തരത്തിൽ സാധനങ്ങൾ വാങ്ങിച്ചതിന്റെ എതാനും ഉദാഹരണം ചുവടെ പട്ടികയിൽ കൊടുക്കുന്നു.

| ക്രമ നം | പ്രോജക്ടിന്റെ പേര് | മണൽ /എം.സാൻഡ് | | ജില്ലി/കരിങ്കല്ല് | | | |
|---|---|---|---|---|---|---|---|
| | | അളവ് | തുക | 20 mm | | 40mm | |
| | | | | അളവ് | തുക | അളവ് | തുക |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 1 | അരണപ്പാറ സ്കൂൾ ടോയ്ലറ്റ് സംരക്ഷണഭിത്തി<br>അടങ്കൽ-300,000<br>വൌച്ചർനം.107/15-16<br>കൺവീനർ-ലിസ്സികുട്ടി<br>ഹെഡ്മാസ്റ്റർ | 200 feet | 16000 | 150 feet | 8000 | 30 load | 144000 | |

സർക്കാർ ഖജനാവിന് ലക്ഷകണക്കിന് രൂപയുടെ ധന നഷ്ടം ഉണ്ടാക്കുന്ന മേൽ കാര്യം തടയുന്നതിന് ഭരണ സമിതി നടപടിയെടുക്കേണ്ടതാണ്.

## 3-5 തോൽപ്പെട്ടി പട്ടിക വർഗ്ഗ വനിത സമുച്ചയം -സിവിൽ വർക്ക് പൂർത്തിയാകുന്നതിന് മുൻപ് ഫർണിച്ചർ വാങ്ങി

| | |
|---|---|
| പ്രോജക്ട് നം. | എസ് 220/2016 |
| പ്രോജക്ടിന്റെ പേര് | തോൽപ്പെട്ടി പട്ടിക വർഗ്ഗ വനിത സമുച്ചയം |
| നിർവ്വഹണം | അസി. എഞ്ചിനിയർ |
| അടങ്കൽ | 1200000/- രൂപ, (general fund) |
| ചെലവ് | 1)372679/-രൂപ vr no 11/15-16(പാർട്ട് ബിൽ സിവിൽ വർക്ക്)<br>2)124935/-രൂപ vr no 119/15-16(ഫർണിച്ചർ വാങ്ങിയത്) |
| കൺവീനർ | സതീഷ് കുമാർ |
| കരാർ നമ്പർ | 78/14-15 dtd 9.2.15 |

തോൽപ്പെട്ടി പട്ടിക വർഗ്ഗ വനിത സമുച്ചയം പ്രവൃത്തിയുടെ എസ്റ്റിമേറ്റ് 12,00,000/- രൂപയാണ്. ഇതിൽ 1,00,000 രൂപ വൈദ്യുതീകരണത്തിനും 1,25,000 രൂപ ഫർണിച്ചർ വാങ്ങുന്നതിനുമാണ് വകയിരുത്തിയത്. സിവിൽ വർക്ക്, വൈദ്യുതീകരണം എന്നിവ പൂർത്തിയാകുന്നതിന് മുൻപ് വനിത സമുച്ചയത്തിനാവശ്യത്തിനാവശ്യമായ ഫർണിച്ചർ വാങ്ങി. ഫർണിച്ചർ നിലവിൽ എന്തു ചെയ്തു എന്ന വിവരം അറിയിക്കേണ്ടതാണ്.

## 3-6) സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി വൃദ്ധർക്ക് സഞ്ചാര സഹായി എന്ന പദ്ധതിക്കായി പണം പിൻവലിച്ചു

a)

| | |
|---|---|
| പ്രോജക്ടിന്റെ പേര് | വൃദ്ധർക്ക് സഞ്ചാര സഹായി 36/2016 |
| നിർവ്വഹണം | Medical officer PHC അപ്പപ്പാറ |
| അടങ്കൽ | 100000/- രൂപ(വികസന ഫണ്ട് TSP) |
| ട്രഷറിയിൽ നിന്നും പിൻവലിച്ച തുക | 53200/-രൂപ(വികസന ഫണ്ട്) ബിൽനം 9/15-16/26.3.2016 |

b)

| | |
|---|---|
| പ്രോജക്ടിന്റെ പേര് | വൃദ്ധർക്ക് സഞ്ചാര സഹായി 32/2016 |
| നിർവ്വഹണം | Medical officer PHC അപ്പപ്പാറ |
| അടങ്കൽ | 50000/- രൂപ(വികസന ഫണ്ട് ജനറൽ) |
| ട്രഷറിയിൽ നിന്നും പിൻവലിച്ച തുക | 26600/- രൂപ(വികസന ഫണ്ട്) ബിൽനം 8/15-16/26.3.2016 |

മേൽ പദ്ധതികൾക്കായി ട്രഷറിയിൽ നിന്നും പിൻവലിച്ച 79800/- രൂപ കേരള ഗ്രാമീൺബാങ്കിന്റെ കാട്ടിക്കുളം ശാഖയിൽ (Account no 90012051087) 30.3.16ന്

നിക്ഷേപിച്ചു.Go(MS) 362/13 dtd 16.11.13 പ്രകാരം പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ പാടില്ല എന്നറിയിച്ചു കൊണ്ട് മെഡിക്കൽ ഓഫീസർ 10.6.16 ന് പഞ്ചായത്ത് സെക്രട്ടറിക്ക് കത്തു നൽകി.തുക തിരിച്ചടക്കാൻ അനുമതി നൽകണമെന്നും മെഡിക്കൽ ഓഫീസർ അറിയിച്ചു. പദ്ധതി തയ്യാറുക്കുമ്പോഴും പണം പിൻവലിക്കുമ്പോഴോ മെഡിക്കൽ ഓഫീസറോ പഞ്ചായത്ത് അധികൃതരോ പദ്ധതി നടപ്പിലാക്കാൻ പാടില്ല എന്ന വിവരം ശ്രദ്ധയിൽ പെടുത്തിയില്ല. 79800 രൂപ കേരള ഗ്രാമീൺ ബാങ്കിന്റെ കാട്ടിക്കുളം ശാഖയിൽ (Account no 90012051087) ൽ അവശേഷിക്കുന്നു. മെഡിക്കൽ ഓഫീസർ 79800 രൂപ ട്രഷറിയിൽ തിരിച്ചടക്കേണ്ടതാണ്.

## 3-7 വയോജന മാനസിക ആരോഗ്യ സുരക്ഷാ പദ്ധതി മരുന്ന് മുഴുവനും ലഭിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | വയോജന മാനസിക ആരോഗ്യ സുരക്ഷാ പദ്ധതി39/2016 |
| നിർവ്വഹണം | Medical officer PHC അപ്പപ്പാറ |
| അടങ്കൽ | 200000/- രൂപ(MG Non road) |
| ചെലവ് | 200000/- രൂപ cheque no 004362/16.4.2016 |
| മരുന്ന് വിതരണം നടത്തിയ സ്ഥാപനം | KMSCL തിരുവനന്തപുരം |

നാളിതുവരെ 80125 രൂപയുടെ മരുന്ന് മാത്രമേ ലഭിച്ചിട്ടുള്ളൂ. മരുന്ന് മുഴുവൻ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-8 അഗതി -ആശ്രയ പദ്ധതി നടപ്പിലാക്കിയതിന്റെ കൃത്യമായ വിവരങ്ങൾ ലഭ്യമല്ല.

ആശ്രയ മാർഗ്ഗരേഖ പ്രകാരം ഭക്ഷണം, വസ്ത്രം, മരുന്ന് തുടങ്ങിയ അത്യാവശ്യ സഹായങ്ങൾ ചലഞ്ച് ഫണ്ട് ഉപയോഗിച്ച് നിർവ്വഹിക്കേണ്ടതാണ്. വീടു വയ്ക്കാൻ സ്ഥലം, വീട്, വീട് റിപ്പയർ, കക്കൂസ്, കുടിവെള്ളം, കറന്റ് തുടങ്ങിയ അടിസ്ഥാനസൌകര്യങ്ങൾക്കുള്ള ഫണ്ടാണ് സ്ഥാപനങ്ങൾ വഹിക്കേണ്ടി വരുന്നത്. ജനറൽ, SC, ST എന്നീ വിഭാഗങ്ങൾക്കായി മേൽ ആവശ്യങ്ങൾക്ക് വിഭാവനം ചെയ്യുന്ന പ്രൊജക്ടിലെ ആദ്യ ഗുണഭോക്താക്കളായി ആശ്രയ പദ്ധതിയിൽപ്പെട്ടവരെ ഉൾപ്പെടുത്തിയാണ് ഇവരുടെ ആവശ്യങ്ങൾ നിറവേറ്റേണ്ടത്. ഇതുകൊണ്ട് തന്നെ പ്രൊജക്ട് ആരംഭിച്ച് ആദ്യ വർഷങ്ങളിൽ തന്നെ ഗുണഭോക്താക്കളുടെ

അടിസ്ഥാനസൌകര്യാവശ്യങ്ങൾ നിറവേറ്റപ്പെടേണ്ടതായിരുന്നു. എന്നാൽ ആശ്രയ പദ്ധതിയിൽപ്പെട്ടവർക്ക് പ്രത്യേക പ്രൊജക്ടുകൾ വിഭാവനം ചെയ്ത് പരിമിതമായ ഫണ്ട് വകയിരുത്തുന്ന രീതിയാണ് പഞ്ചായത്തുകൾ സ്വീകരിച്ചുവരുന്നത്. ഇതുകൊണ്ടു തന്നെ പാവപ്പെട്ടവരിൽ പാവപ്പെട്ടവരായ മുമ്പ് തന്നെ അതിലും ഉയർന്ന ശേഷിയുള്ള മറ്റ് വിഭാഗങ്ങളിലുള്ളവർക്ക് ധനസഹായം ലഭ്യമാകുന്നുണ്ട്. ഇതിന്റെ ഫലമായി ആശ്രയ പദ്ധതിയിൽ പ്പെട്ടവരുടെ ആവശ്യങ്ങൾ വർഷങ്ങൾ കഴിഞ്ഞിട്ടും നിറവേറ്റപ്പെടാതെ വരുന്നു. മേൽ സാഹചര്യത്തിൽ തിരുനെല്ലി ഗ്രാമപഞ്ചായത്തിന്റെ നിലവിൽ ലഭ്യമായ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | 1st പ്രൊജക്ട് ജനറൽ 2005-09 | 2nd പ്രൊജക്ട് 2013-16 | 1st പ്രൊജക്ട് എസ്.റ്റി വിഭാഗം |
|---|---|---|---|
| പ്രൊജക്ടു പ്രകാരം ആകെ ഗുണഭോക്താക്കൾ* | 58 | 55 | 80 |
| പ്രൊജക്ടുപ്രകാരം വീടുവയ്ക്കാൻ സ്ഥലം ആവശ്യമുള്ളവർ | 5 | 2 | 15 |
| നാളിതുവരെ ലഭിച്ചവർ | വിവരങ്ങൾ ലഭ്യമല്ല | വിവരങ്ങൾ ലഭ്യമല്ല | വിവരങ്ങൾ ലഭ്യമല്ല |
| പ്രൊജക്ടുപ്രകാരം വീട് ആവശ്യമുള്ളവർ | 26 | 31 | 41 |
| നാളിതുവരെ ലഭിച്ചവർ | വിവരങ്ങൾ ലഭ്യമല്ല | വിവരങ്ങൾ ലഭ്യമല്ല | വിവരങ്ങൾ ലഭ്യമല്ല |
| വീട് റിപ്പയർ ആവശ്യമുള്ളവർ | 30 | 1 | 16 |

| | | | |
|---|---|---|---|
| നാളിതുവരെ ലഭിച്ചവർ | വിവരങ്ങൾ ലഭ്യമല്ല | വിവരങ്ങൾ ലഭ്യമല്ല | വിവരങ്ങൾ ലഭ്യമല്ല |
| കക്കൂസ് ആവശ്യമുള്ളവർ | 58 | 4 | 27 |
| നാളിതുവരെ ലഭിച്ചവർ | വിവരങ്ങൾ ലഭ്യമല്ല | വിവരങ്ങൾ ലഭ്യമല്ല | വിവരങ്ങൾ ലഭ്യമല്ല |
| കുടിവെള്ളം ആവശ്യമുള്ളവർ | 38 | 31 | 19 |
| നാളിതുവരെ ലഭിച്ചവർ | വിവരങ്ങൾ ലഭ്യമല്ല | വിവരങ്ങൾ ലഭ്യമല്ല | വിവരങ്ങൾ ലഭ്യമല്ല |
| കറന്റ് ആവശ്യമുള്ളവർ | അപേക്ഷകരില്ല. | 5 | 35 |
| നാളിതുവരെ ലഭിച്ചവർ | വിവരങ്ങൾ ലഭ്യമല്ല | വിവരങ്ങൾ ലഭ്യമല്ല | വിവരങ്ങൾ ലഭ്യമല്ല |
| വകയിരുത്തിയ ഫണ്ടുകൾ -ചലഞ്ച് ഫണ്ട് + പ്ലാൻ ഫണ്ട്<br>ചലഞ്ച് ഫണ്ടിന്റെ ലഭ്യതയും ചെലവ് വിവരവും താഴെ ചേർക്കുന്നു. | | | |
| വരവ് | 1,00,00,000 | 3,55,573 | 18,34,500 |
| ഭക്ഷണം | 6,59,287 | 209600 (31.10.2016) | 8,68,501 |
| വസ്ത്രം | 68427 | 26,825 | 1,47,408 |
| മറ്റ് ചെലവുകൾ | | | 33,260 |

| | | | |
|---|---|---|---|
| കമ്പ്യൂട്ടറും, ജീപ്പ് വാടക, പ്രിന്റിംഗ് ചാർജ് ,പ്രൊജക്ട് | | | |
| ആകെ ചെലവ് | 7,27,714 | 2,36,425 | 1049169 |
| നിക്കിബാക്കി | 2,72,286 | 2,13,202 (പലിശ സഹിതം) | 9,24,224 (പലിശ സഹിതം) |

ഗ്രാമപഞ്ചായത്ത് ചലഞ്ച് ഫണ്ട് ഉപയോഗിച്ച് അതിജീവനത്തിനുള്ള (ഭക്ഷണം, വസ്ത്രം) പ്രൊജക്ട് മാത്രമാണ് കുടുംബശ്രീ സി.ഡി.എസ് മുഖേന നടപ്പിലാക്കി വരുന്നത്. വീടു വയ്ക്കാൻ സ്ഥലം, വീട്, വീട് റിപ്പയർ, കക്കൂസ്, കുടിവെള്ളം, കറന്റ് തുടങ്ങിയ അടിസ്ഥാനസൌകര്യങ്ങൾ നാളിതുവരെ ലഭിച്ചതിന്റെ വിശദമായ വിവരങ്ങൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. 3/15-16 ,6/15-16 എന്നീ നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

വസ്ത്രം, ഭക്ഷണകിറ്റുകൾ എന്നിവ വാങ്ങിയതിന്റെ സ്റ്റോക്ക് വിതരണ വിവരങ്ങൾ കൃത്യമായും ചിട്ടയായും എഴുതി സൂക്ഷിക്കേണ്ടതാണ്, അഗതി ആശ്രയ ഗുണഭോക്താക്കൾക്ക് ലഭിച്ചിട്ടുള്ള എല്ലാതര ആനുകൂല്യങ്ങളുടെയും വിശദമായ കണക്കുകൾ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണ്. ആശ്രയ ഗുണഭോക്താക്കളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് മുൻഗണന നൽകേണ്ടതും, നിർബന്ധമായും ഫണ്ട് വകയിരുത്തി പ്രൊജക്ട് നടപ്പിലാക്കേണ്ടതുമാണ് കൃത്യമായ ഇടവേളകളിൽ പദ്ധതി മോണറ്ററിംഗ് നടത്തേണ്ടതുമാണ്

## 3-9 <u>അടിയ, പണിയ, കാട്ടുനായ്ക്ക എൽ.പി. വിദ്യാർത്ഥികൾക്ക് മേശ, കസേര</u>

പ്രൊജക്ടിന്റെ പേര് - അടിയ, പണിയ, കാട്ടുനായ്ക്ക എൽ.പി. വിദ്യാർത്ഥികൾക്ക് മേശ, കസേര

പ്രൊജക്ടിന്റെ നമ്പർ - S 0008/16

അടങ്കൽ - വികസന ഫണ്ട്- ടി.എസ്.പി - 300000

തുക പിൻവലിച്ചത് - ബിൽ നമ്പർ - 8/15-16 തീയതി 15/12/2015 തുക 298742

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ്മാസ്റ്റർ

ഗ്രാമപഞ്ചായത്ത് പരിധിയിലെ പ്രൈമറി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന ലോവർ പ്രൈമറി വിദ്യാർത്ഥികൾക്ക് മേശ കസേര എന്നിവ വാങ്ങി വിതരണം നടത്തുകയാണ് പദ്ധതിയുടെ ലക്ഷ്യം. ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കണ്ടു. പദ്ധതി നടപ്പാക്കുന്നതിന് മുമ്പ് ഗ്രാമപഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന ഈ വിഭാഗത്തിൽപെട്ട ആകെ വിദ്യാർത്ഥികളുടെ എണ്ണം പട്ടിക തിരിച്ച് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ വാങ്ങിയിട്ടില്ല.

ഇവ വിതരണം നടത്തിയത് സംബന്ധിച്ച് അവർ പഠിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നുള്ള വിതരണ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല.
വാങ്ങിയ സാധന സാമഗ്രികൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല . ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 23 തീയതി 30/11/2016ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

# 3-10 ഒന്നാം ക്ലാസ്സിലെ പട്ടിക വിദ്യാർത്ഥികൾക്ക് കുട, ബാഗ് നൽകൽ

പ്രൊജക്ടിന്റെ പേര് - ഒന്നാം ക്ലാസ്സിലെ പട്ടിക വിദ്യാർത്ഥികൾക്ക് കുട, ബാഗ് നൽകൽ

പ്രൊജക്ടിന്റെ നമ്പർ - S 0016/16

അടങ്കൽ - വികസന ഫണ്ട്- ടി.എസ്.പി - 100000

തുക പിൻവലിച്ചത് - ബിൽ നമ്പർ - 7/15-16 തീയതി 15/12/2015 തുക 99800

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ്മാസ്റ്റർ

ഗ്രാമപഞ്ചായത്ത് പരിധിയിലെ ഒന്നാം ക്ലാസ്സിൽ പഠിക്കുന്ന പട്ടിക വർഗ്ഗ വിദ്യർത്ഥികൾക്ക് കുട, ബാഗ് വിതരണം നടത്തുകയാണ് പദ്ധതിയുടെ ലക്ഷ്യം. പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി കുട, ബാഗ് വിതരണം നടത്തുന്നതിനായി ടെണ്ടർ ക്ഷണിക്കുകയും 200 കുട, ബാഗ് എന്നിവ വാങ്ങിയിട്ടുണ്ട്. ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ ഉണ്ട്.
പദ്ധതി നിർവ്വഹണം നടത്തുന്നതന് മുമ്പ് ഗ്രാമപഞ്ചായത്തിലെ ഒന്നാം ക്ലാസ്സിൽ പഠിക്കുന്ന പട്ടിക വർഗ്ഗ വിദ്യർത്ഥികളുടെ എണ്ണം വിദ്യഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വാങ്ങിയിട്ടില്ല. ബാഗ്, കുട എന്നിവ വിതരണം നടത്തിയതിന്റെ അക്വിറ്റൻസ് വിദ്യഭ്യാസ സ്ഥാപന തലവൻമാരിൽ നിന്നും വാങ്ങി സൂക്ഷിച്ചിട്ടില്ല.
പദ്ധതി നിർവ്വഹണത്തിനായി വാങ്ങിയ കുട, ബാഗ് എന്നിവ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 22/15-16 തീയതി 30/11/2016ക്ക് മറുപടി നൽകിയിട്ടില്ല.

## 3-11 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

പ്രൊജക്ടിന്റെ പേര് - പശ്ചിമഘട്ട വികസന പദ്ധതി- ചീക്കോട് വാട്ടർഷെഡ് -

പഞ്ചായത്ത് വിഹിതം നൽകൽ

പ്രൊജക്ടിന്റെ നമ്പർ - S 0054/16

അടങ്കൽ - തുക പിൻവലിച്ചത് - ബിൽ നമ്പർ - 4/15-16 തീയതി 26/3/2016
തുക 150000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

പശ്ചിമഘട്ട വികസന പദ്ധതി- ചീക്കോട് വാട്ടർഷെഡ് - പഞ്ചായത്ത് വിഹിതം നൽകുന്നതിന് വേണ്ടിയാണ് പദ്ധതി നടപ്പിലാക്കിയത്. മേൽ തുക വിനിയോഗിച്ചത് സംബന്ധിച്ച് സാക്ഷ്യപത്രം, മറ്റു രേഖകളും ഹാജരാക്കിയിട്ടില്ല. ചെലവഴിച്ച 150000/- രൂപ തടസ്സപ്പെടുത്തുന്നു

## 3-12 കക്കൂസ് നിർമ്മാണം- സബ്സിഡി മാർഗ്ഗ രേഖയിൽ നിർദ്ദേശിക്കപ്പെട്ട രീതിയിൽ നിർമ്മാണം നടത്തിയിട്ടില്ല.

പ്രൊജക്ടിന്റെ പേര് - കക്കൂസ് നിർമ്മാണം 170 പേർക്ക്

പ്രൊജക്ടിന്റെ നമ്പർ - S 0035/16

അടങ്കൽ - വികസന ഫണ്ട്- 578000

കേന്ദ്രാവിഷ്കൃതം - ടി.എസ്.സി - 2040000

തുക പിൻവലിച്ചത് - ബിൽ നമ്പർ - 10/15-16 തീയതി 31/3/16 തുക 340000

നിർവ്വഹണ ഉദ്യോഗസ്ഥൻ - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

ഗ്രാമപഞ്ചായത്ത് പരിധിയിലെ 50000 രൂപയിൽ താഴെ വരുമാനമുള്ള സ്വന്തമായ കക്കൂസില്ലാത്ത കുടുംബങ്ങൾക്ക് ഗ്രാമ പഞ്ചായത്ത് വിഹിതമായി പ്ലാൻ ഫണ്ട് വിഹിതത്തിൽ നിന്നും 3400 രൂപയും ടോട്ടൽ സാനിറ്റേഷനിൽ നിന്നും 12000 രൂപയും അടക്കം ആകെ 15400 രൂപ വീതം 170 പേർക്ക് സബ്സിഡി നൽകുകയാണ് പദ്ധതിയുടെ ലക്ഷ്യം. പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി 100 ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകിയിട്ടുണ്ട്. ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ഉണ്ട്.

പ്രൊജക്ട്, സബ്സിഡി മാർഗ്ഗരേഖ എന്നിവ പ്രകാരം ഇരട്ടക്കുഴി കക്കൂസ് ആണ് നിർമ്മാണം നടത്തേണ്ടത്. എന്നാൽ പദ്ധതി നിർവ്വഹണത്തിനായി തെരഞ്ഞെടുത്ത

ഗുണഭോക്താക്കൾ പിറ്റുകളാണ് സ്ഥാപിച്ചിട്ടുള്ളത്. ഇത് കുടിവെള്ള കിണറുകൾ അടക്കം കോളിഫോം ബാക്ടീരിയ മുഖേന മലിനമാവാൻ സാഹചര്യം ഒരുക്കുന്ന ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

ഗുണഭോക്താക്കൾക്ക് മുൻപ് കക്കൂസ് നിർമ്മാണത്തിനായി ആനുകൂല്യം നൽകിയിട്ടില്ല എന്ന സാക്ഷപത്രം ഹാജരാക്കിയിട്ടില്ല. നിയതമായ രീതിയിലുള്ള വാല്വേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. ഏകദേശ മൂല്യം രേഖപ്പെടുത്തുന്ന വാല്വേഷൻ സർട്ടിഫിക്കറ്റ് ആണ് നൽകിയിട്ടുള്ളത്.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 19/15-16 തീയതി 30/11/2016ക്ക് തൃപ്തികരമായ മറുപടി ലഭ്യമാക്കിയിട്ടില്ല.

## **3-13** ഭവന നിർമ്മാണം (ജനറൽ) രേഖകൾ തൃപ്തികരമല്ല **5600000** രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രൊജക്ടിന്റെ പേര് - ഭവന നിർമ്മാണം (ജനറൽ)

പ്രൊജക്ടിന്റെ നമ്പർ - S 0033/16

അടങ്കൽ - വികസന ഫണ്ട്- 6800000

തുക പിൻവലിച്ചത് - ബിൽ നമ്പർ - 1/15-16 തീയതി 16/6/15 തുക 3000000/-

ബിൽ നമ്പർ - 2/15-16 തീയതി 12/8/15 തുക 1000000

ബിൽ നമ്പർ - 5/15-16 തീയതി 30/12/15 തുക 500000

ബിൽ നമ്പർ - 6/15-16 തീയതി 18/2/16 തുക 500000

ബിൽ നമ്പർ - 8/15-16 തീയതി 17/3/16 തുക 300000

ബിൽ നമ്പർ - 9/15-16 തീയതി 28/3/16 തുക 300000

നിർവ്വഹണ ഉദ്യോഗസ്ഥൻ - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

ഗ്രാമപഞ്ചായത്ത് പരിധിയിലെ 50000/- രൂപയിൽ താഴെ വരുമാനമുള്ള ഗ്രാമ സഭ വഴി തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണ സബ്സിഡിയായി പരമാവധി 200000/- രൂപ സബ്സിഡി നൽകുകയാണ് പദ്ധതിയുടെ ലക്ഷ്യം. 2014-15 വർഷത്തിൽ ബഹു വർഷ പദ്ധതിയായി നടപ്പിലാക്കിയ പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് നൽകാൻ ബാക്കിയുള്ള തുക നൽകുകയാണ് തൻവർഷ പദ്ധതിയിലൂടെ നടപ്പാക്കിയത്

ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന

അപാകതകൾ ഉണ്ട്.

ബിൽ നമ്പർ - 1/15-16 തീയതി 16/6/15 തുക 3000000 പിൻവലിച്ച തുകയുടെ വിതരണം സംബന്ധിച്ച് രേഖകൾ ലഭ്യമാക്കിയിട്ടില്ല.

സബ്സിഡി മാർഗ്ഗരേഖ നിഷ്കർഷിക്കുന്ന രീതിയിൽ ഭാര്യയുടെയും ഭർത്താവിന്റെയും പേരിലുള്ള സംയുക്ത ബാങ്ക് അക്കൗണ്ട് മുഖേന പണം നൽകിയിട്ടില്ല.

ഗുണഭോക്താക്കൾക്ക് നൽകുന്നതിനായി വിവിധ ബില്ലുകൾ മുഖേന പിൻവലിച്ച തുക വിതരണം നടത്തിയതിന്റെ രേഖകൾ വ്യക്തമല്ല. ഉദാഹരണത്തിനായി ബിൽ നം 2/15-16 തീയതി 12/8/15 പ്രകാരം പിൻവലിച്ച തുകയിൽ, ബില്ലിനോടൊപ്പം ഹാജരാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം രുദ്രാണി,ചെറൂളി എന്ന ഗുണഭോക്താവിന് പിൻവലിച്ച തുക 40000/- രൂപയും 13/8/15 ലെ ചെക്ക് ഇഷ്യൂ രജിസ്റ്റർ പ്രകാരം നൽകിയ തുക 20000/- രൂപയുമാണ്. ഇതേ ബില്ല് പ്രകാരം ഹൈറുന്നിസ , കളപ്പുരക്കൽ എന്ന ഗുണഭോക്താവിന് വേണ്ടി പിൻവലിച്ച തുക 40000/- രൂപയും 13/8/15 ലെ ചെക്ക് ഇഷ്യൂ രജിസ്റ്റർ പ്രകാരം നൽകിയ തുക 20000/- രൂപയുമാണ്. മറ്റു ബില്ലുകളിലും ഇതേ രീതിയിലുള്ള വ്യത്യാസങ്ങൾ കാണുന്നു.

മേൽ അപാകങ്ങൾക്ക് വിശദീകരണം നൽകേണ്ടതാണ്ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 20/15-16തീയതി 30/11/2016ക്ക് തൃപ്തികരമായ മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവഴിച്ച 5600000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-14 ഭവന പുനരുദ്ധാരണം (ജനറൽ)

പ്രൊജക്ടിന്റെ പേര് - ഭവന പുനരുദ്ധാരണം (ജനറൽ)

പ്രൊജക്ടിന്റെ നമ്പർ - S 0051/16

അടങ്കൽ - വികസന ഫണ്ട്- 80000

തുക പിൻവലിച്ചത് - ബിൽ നമ്പർ - 7/15-16 തീയതി 17/3/16 തുക 60000

ബിൽ നമ്പർ - 11/15-16 തീയതി 31/3/16 തുക 20000

നിർവ്വഹണ ഉദ്യോഗസ്ഥൻ - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

ഗ്രാമപഞ്ചായത്ത് പരിധിയിലെ 50000 രൂപയിൽ താഴെ വരുമാനമുള്ള ഭവന പുനരുദ്ധാരണം അത്യാവശ്യമായ കുടുംബങ്ങൾക്ക് പരമാവധി 20000 രൂപ സബ്സിഡി നൽകുകയാണ് പദ്ധതിയുടെ ലക്ഷ്യം. പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി 4 ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകിയിട്ടുണ്ട്. ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ ഉണ്ട്

പ്രൊജക്ട്, സബ്സിഡി മാർഗ്ഗരേഖ എന്നിവ പ്രകാരം ഗുണഭോക്താക്കൾക്ക് അപേക്ഷയോടൊപ്പം എസ്റ്റിമേറ്റ് നൽകണം എന്നാണ്. ഇതിനായി അവർ സ്വകാര്യ സാങ്കേതിക വിദഗ്ദരുടെ സേവനം ഉപയോഗപ്പെടുത്തിയാകണം. എസ്റ്റിമേറ്റിൽ ചെയ്യാൻ പോകുന്ന പ്രവൃത്തികളെ സംബന്ധിച്ച് വിശദമാക്കേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള എസ്റ്റിമേറ്റ് അപേക്ഷയോടൊപ്പം സൂക്ഷിച്ചിട്ടില്ല.

സബ്സിഡി മാർഗ്ഗരേഖ നിഷ്കർഷിക്കുന്ന രീതിയിൽ ഭാര്യയുടെയും ഭർത്താവിന്റെയും പേരിലുള്ള സംയുക്ത ബാങ്ക് അക്കൗണ്ട് മുഖേന പണം നൽകിയിട്ടില്ല.
സബ്സിഡി മാർഗ്ഗരേഖ പ്രകാരം എൽ.എസ്.ജി.ഡി എഞ്ചിനീയർ അളന്ന് തിട്ടപ്പെടുത്തിയ വാല്വേഷൻ സർട്ടിഫിക്കറ്റ് ആണ് ഹാജരാക്കേണ്ടത്. എന്നാൽ നിയതമായ രീതിയിലുള്ള വാല്വേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. ഏകദേശ മൂല്യം രേഖപ്പെടുത്തുന്ന എൽ.എസ്.ജി.ഡി ഓവർസിയർ നൽകിയ വാല്വേഷൻ സർട്ടിഫിക്കറ്റ് ആണ് നൽകിയിട്ടുള്ളത്. ഇത്തരം വീഴ്ചകൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 3-15 മത്സ്യ കർഷകർക്ക് വലയും നെറ്റും തീറ്റയും - രേഖകൾ ഹാജരാക്കിയില്ല

പ്രൊജക്ടിന്റെ നമ്പർ - S 0054/16

അടങ്കൽ - 200000

ഗുണഭോക്തൃ വിഹിതം - സ്ഥാപനത്തിൽ അടക്കുന്നത് - 200000

തുക പിൻവലിച്ചത് - ബിൽ നമ്പർ - 5/15-16 തീയതി 28/3/2016 തുക 200000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ -കൃഷി ഓഫീസർ

ഗ്രാമപഞ്ചായത്ത് പരിധിയിലെ25 സെന്റിൽ കുറയാതെ സ്വന്തം പേരിൽ സ്ഥലമുള്ള മത്സ്യ കർഷകർക്ക് വലയും നെറ്റും തീറ്റയും നൽകുകയും അതുവഴി മത്സ്യ ഉത്പാദനം വർദ്ധിപ്പിക്കുകയാണ് പദ്ധതി നടപ്പിലാക്കുന്നതിലൂടെ ലക്ഷ്യം വയ്ക്കുന്നത്. ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കണ്ടു.

1. പ്രൊജക്ട് പ്രകാരം ഗുണഭോക്തൃ വിഹിതം സ്ഥാപനത്തിൽ അടക്കേണ്ടതാണ്. ഗുണഭോക്തൃ വിഹിതം വാങ്ങിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല

2. തീറ്റ നൽകിയതിന്റെ രേഖകൾ ഇല്ല

3. വല വിതരണം നടത്തിയതിന്റെ രേഖകൾ ഇല്ല .

4.പദ്ധതി നടത്തിപ്പ് സംബന്ധിച്ച് മോണിറ്ററിംഗ് നടത്തിയിട്ടില്ല.

മേൽ അപാകങ്ങൾ സംബന്ധിച്ച് വിശദീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 17/15-16 തീയതി 30/11/2016 ക്ക് തൃപ്തികരമായ മറുപടി നൽകിയിട്ടില്ല. ചെലവഴിച്ച 200000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-16 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

പ്രൊജക്ടിന്റെ പേര് - കന്നുകുട്ടി പരിപാലനം

പ്രൊജക്ടിന്റെ നമ്പർ - S 0047/16

അടങ്കൽ - വികസന ഫണ്ട് - 312500

സംസ്ഥാനാവിഷ്കൃതം - 312500

ഗി.വിഹിതം - 625000

തുക പിൻവലിച്ചത് - ബിൽ നമ്പർ - 4/15-16 തീയതി 23/2/2016 തുക 312500/-

കന്നുകുട്ടി പരിപാലന പദ്ധതിയുടെ നടത്തിപ്പിനായി മേൽ ബിൽ പ്രകാരം പിൻവലിച്ച തുക ജില്ലാ മൃഗ സംരക്ഷണ ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയിതിന്റെ രശീതി ഹാജരാക്കിയിട്ടില്ല. ആയത് വിനിയോഗിച്ചത് സംബന്ധിച്ച് വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ് പദ്ധതിക്കായി ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നം | സ്ഥാപനം | പ്രവൃത്തി | തുക |
|---|---|---|---|
| 1 | KWA | ചെറവത്തൂർ സ്ട്രീറ്റ് ടാപ്പ് സ്ഥാപിക്കൽ | 7500/- |
| 2 | KSEB | ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 20700/- |

## 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | സ.ഉ.(സാധാ).നം. 531/10/ത സ്വ ഭ വ 18/02/2010 | 27623750 | 14529960 | 5446310 | | 9083650 |
| തിരുനെല്ലി ഭവന പദ്ധതി | സ.ഉ.(സാധാ).നം. 04/ഡിസി1/10/ ത സ്വ ഭ വ 09/02/2016 | 1300000 | 0 | 0 | | 1300000 |
| കെ.യു.ആർ.ഡി. എഫ്.സി (ഷോപ്പിംഗ് കോംപ്ലക്സ്) | സ.ഉ.(സാധാ).നം. 586/16/ത സ്വ ഭ വ 12/02/2016 | 2750923 | 0 | 0 | | 2750923 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6. ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ

## വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 3- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1996-97 | 18, 23 | 1998 | 6 | പണം പിൻവലിക്കൽ അനധികൃതമായി നടത്തി | നിയമസഭാ സമിതി പരിഗണനയിൽ. |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 161700698 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 136330488 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 70,811 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 77,51,250 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-3 (1) | | 21,811 | ഷിനോജ് ടി .വി<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-3 (2) | | 49,000 | ഷിനോജ് ടി .വി<br>അസിസ്റ്റന്റ് എഞ്ചിനീയർ |

| | | |
|---|---|---|
| ആകെ | 70,811 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക.

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 14,88,750 | ശ്രീ.പി.സന്തോഷ് കുമാർ. അസിസ്റ്റന്റ് സെക്രട്ടറി |
| 3-11 | 150000/- | ശ്രീ.ഗുണശേഖരൻ . കൃഷി ഓഫീസർ |
| 3-13 | 45,00,000 | ശ്രീമതി.റോഷിനി എം.വി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 3-13 | 11,00,000 | ശ്രീ.പ്രിൻസ് മോൻ എൻ . വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 3-15 | 2,00,000 | ശ്രീ.ഗുണശേഖരൻ . കൃഷി ഓഫീസർ |
| 3-16 | 3,12,500/ | ശ്രീ.ഡോ.അനിൽ .ബി .വെറ്ററിനറി സർജൻ |
| ആകെ | 77,51,250 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ.

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ഷിനോജ് ടി.വി | അസിസ്റ്റന്റ് എഞ്ചിനീയർ | തുടിയം പറമ്പിൽ വീട് , പയ്യംമ്പള്ളി പി.ഒ.വയനാട് |

# 4-9 <u>തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.(ഡബ്ള്യൂ).പി.5./622(2)/14 18.04.15 | 2 |

| | | |
|---|---|---|
| 1998-99 | എൽ.എഫ്.(ഡ്ബ്ള്യൂ) പി5/ 622(4)/14 18.04.15 | 10 |
| 2001-02 | എൽ.എഫ്.(ഡ്ബ്ള്യൂ)പി 3/184\07 13.6.2005 | 3 |
| 2001-02 | എൽ.എഫ്.(ഡ്ബ്ള്യൂ) പി 3/.547\07 05.02.2008 | 3 |
| 2002-03 | എൽ.എഫ്.(ഡ്ബ്ള്യൂ) പി 5./622(7)/14 18.04.15 | 3 |
| 2003-04 | എൽ.എഫ്.(ഡ്ബ്ള്യൂ) പി 5. 622(8)/14 18.04.15 | 5 |
| 2005-06 | എൽ.എഫ്.(ഡ്ബ്ള്യൂ)പി 5/ 622(10)/14 18.04.15 | 3 |
| 2006-07 | എൽ.എഫ്.(ഡ്ബ്ള്യൂ)പി 5 /622(11)/14 18.04.15 | 5 |
| 2007-08 | എൽ.എഫ്.(ഡ്ബ്ള്യൂ)പി 5/ 622(12)/14 18.04.15 | 29 |
| 2008-09 | എൽ.എഫ്.(ഡ്ബ്ള്യൂ)പി 5/ 622(13)/14 18.04.15 | 19 |
| 2009-10 | എൽ.എഫ്.(ഡ്ബ്ള്യൂ)പി 5/ 622(14)/14 18.04.15 | 17 |
| 2010-11 | എൽ.എഫ്.(ഡ്ബ്ള്യൂ)പി 5 /622(15)/14 18.04.15 | 15 |

| | | |
|---|---|---|
| 2011-12 | എൽ.എഫ്.(ഡ്ബ്ള്യൂ)പി 5 /622(16)/14<br>18.04.15 | 36 |
| 2012-13 | എൽ.എഫ്.(ഡ്ബ്ള്യൂ)പി 5/ 713 \14<br>22.12.2014 | 22 |
| 2013-14 | കെഎസ്ഡബ്ല്യൂ.വൈ.ഡി.-പി4/478/15/ 10.08.2015 | 35 |
| 2014-15 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.-പി4/372/2016 | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് ഓഫീസ്, വയനാട്.

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.പി4/846/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,
വയനാട്, കൽപ്പറ്റ
തിയ്യതി:05/12/2016

### സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും വയനാട് ജില്ലയിലെ തിരുനെല്ലി ഗ്രാമപഞ്ചായത്തിൻെറ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റുമെൻറ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തിരുനെല്ലി ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം,വയനാട്.

KSA- wyd P4-848 /2016

Kerala State Audit Department

District Audit Office, Wayanad

Dated; 05/12/2016.

CERTIFICATE

Certified that I have examined the Annual Financial Statement of THIRUNELLY GRAMAPANCHAYAT in WYANAD District for the year 2015-16 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion the Financial Statements of THIRUNELLY GRAMA PANCHAYAT in WYANAD for the year 2015-16 except the observations in my audit report properly present the picture of income and expenditure.

Deputy Director,
Dist. Audit Office,Wayanad